**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1101** **30-06-2022 - ൽ മറുപടിയ്ക്ക്**

**മത്സ്യബന്ധന വിപണന മേഖല**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം നൗഷാദ് ,<br>ശ്രീ. പി. നന്ദകുമാർ,<br>ശ്രീ. എച്ച്. സലാം,<br>ശ്രീ. ടി.ഐ.മധുസൂദനൻ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | പച്ച മത്സ്യത്തിന്റെ ആദ്യ വില്പനാവകാശം മത്സ്യത്തൊഴിലാളികൾക്ക് മാത്രമായി നിജപ്പെടുത്തി ന്യായവില ലഭ്യമാക്കുന്നതിനും ഗുണനിലവാര പരിപാലനത്തിനുമായി നിയമം പാസ്സാക്കി നടപ്പാക്കുന്നതിലൂടെ മത്സ്യബന്ധന വിപണന മേഖലയിൽ എന്തെല്ലാം മാറ്റങ്ങളാണ് പ്രതീക്ഷിക്കുന്നത്; നിയമ നിർവ്വഹണത്തിനായി ചട്ടങ്ങൾ രൂപീകരിക്കപ്പെട്ടിട്ടുണ്ടോ; ഇതിനായുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്; എന്തൊക്കെ കാര്യങ്ങളാണ് ഇതിൽ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | മത്സ്യസംഭരണവും ലേലവും വിപണനവും നിയന്ത്രിക്കുന്നതിനും, വ്യവസ്ഥാപിതവും ശുചിത്വപൂർണ്ണവും കാര്യക്ഷമവുമായ ലേലവും വിപണനവും പ്രോത്സാഹിപ്പിക്കുന്നതിനും, ഗുണനിലവാരം പരിപാലിക്കുന്നതിനും, അവയുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ മറ്റു കാര്യങ്ങൾക്കും വേണ്ടി കേരള മത്സ്യസംഭരണവും, വിപണനവും, ഗുണനിലവാര പരിപാലനവും നിയമം 2021 നിലവിൽ വന്നിട്ടുണ്ട്. പ്രസ്തുത നിയമം നടപ്പാക്കുന്നതിലൂടെ ഇടത്തട്ടുകാരുടെ ചൂഷണം ഒഴിവാക്കി, മത്സ്യ ത്തൊഴിലാളികൾക്ക് അവർ പിടിച്ചു കൊണ്ട് വരുന്ന മത്സ്യത്തിന് ന്യായമായ വില ഉറപ്പാക്കുന്നതിനും ശുചിത്വ പൂർണ്ണമായ സാഹചര്യങ്ങളിൽ മത്സ്യവിപണനം നടത്തുന്നതിനും സാധ്യമാകുന്നതാണ്.<br><br>കേരള മത്സ്യസംഭരണവും, വിപണനവും ഗുണനിലാവര പരിപാലനവും ആക്ടിന്റെ (2021- ലെ 16) 33-ാം വകുപ്പ് പ്രകാരം ചട്ടങ്ങൾ രൂപീകരിക്കുന്ന നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ പ്രസ്തുത ആക്ട് പ്രകാരം സംസ്ഥാനത്തെ 21 ഹാർബറുകളിൽ ഹാർബർ മാനേജ്മെന്റ് സൊസൈറ്റികളും സംസ്ഥാനതല മത്സ്യഗുണനിലവാര പരിപാലന കമ്മിറ്റിയും രൂപീകരിച്ച് വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനും നടപടി സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| | | | |
| (ബി) | ആഴക്കടൽ മത്സ്യബന്ധന മേഖലയിൽ കേന്ദ്ര നയത്തിന്റെ ഭാഗമായി വരുന്ന വിദേശ കപ്പലുകളുടെ കടന്നുകയറ്റം ചെറുക്കുന്നതിനായി എന്തെല്ലാം ബദൽ നയങ്ങളും പ്രവർത്തന നടപടികളുമാണ് സ്വീകരിച്ച് വരുന്നത്; വിശദാംശങ്ങൾ നൽകാമോ? | (ബി) | വിദേശ രാജ്യങ്ങളിൽ നിന്നുള്ള അത്യാധുനിക സംവിധാനങ്ങളുള്ള ട്രോളറുകൾ 12 നോട്ടിക്കൽ മൈലിന് പുറത്ത് EEZ-ൽ 2018 വരെ മത്സ്യബന്ധനം നടത്തിയിരുന്നു. എന്നാൽ 2018-ൽ കേന്ദ്ര സർക്കാർ വിദേശ യാനങ്ങൾക്ക് നൽകിയിരുന്ന LOP കേരളമുൾപ്പെടെയുള്ള സംസ്ഥാനങ്ങളുടെ ആവശ്യവും കോടതി വിധിയും പരിഗണിച്ച് നിർത്തലാക്കിയതോടെ ഇത്തരത്തിലുള്ള മത്സ്യബന്ധനം അവസാനിച്ചിട്ടുണ്ട്. അതോടൊപ്പം സംസ്ഥാന ഫിഷറീസ് നയം 2019–ന്റെ അടിസ്ഥാനത്തിൽ പരമ്പരാഗത മത്സ്യത്തൊഴിലാളി ഗ്രൂപ്പുകൾ, സഹകരണ സംഘങ്ങൾ എന്നിവർക്ക് ആഴക്കടൽ മത്സ്യബന്ധന രീതികളിൽ ആവശ്യമായ സാങ്കേതിക പരിശീലനവും, പര്യാപ്തമായ യാനങ്ങളും നൽകുന്ന പദ്ധതി PMMSY യിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പ്രാരംഭമായി 10 ആഴക്കടൽ മത്സ്യബന്ധന യാനങ്ങൾ 10 ഗ്രൂപ്പുകൾക്ക് നൽകുന്നതിനുള്ള പദ്ധതിക്ക് ഭരണാനുമതി നൽകുകയും ആയത് കൊച്ചിൻ ഷിപ്പ് യാർഡ് ലിമിറ്റഡുമായി ചേർന്ന് നിർമ്മിച്ചു നൽകുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ചു വരികയുമാണ്. |

സെക്ഷൻ ഓഫീസർ